**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2586** **23-02-2026 - ൽ മറുപടിയ്ക്ക്**

**പിണ്ണാക്കനാട് സബ്സ്റ്റേഷന് സ്ഥലം ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ പിണ്ണാക്കനാട് 33 കെ.വി. സബ്സ്റ്റേഷനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | 2020-ൽ പൂഞ്ഞാർ മണ്ഡലത്തിലെ പിണ്ണാക്കനാട് പ്രദേശത്ത് പുതിയ 33 kV സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സ്ഥലം ഏറ്റെടുക്കുന്ന നടപടികൾക്കായി ഗവൺമെന്റ് ഉത്തരവ് ലഭ്യമായെങ്കിലും സ്ഥലമുടമ സ്ഥലം കൈമാറുന്നതിന് വിസമ്മതം അറിയിച്ചതിനെ തുടർന്ന് ഭൂമി കൈമാറ്റം പൂർത്തിയാക്കാൻ കഴിഞ്ഞില്ല.<br><br>തുടർന്ന്, പിണ്ണാക്കനാട് 33kV സബ്സ്റ്റേഷന്റെ നിർമ്മാണത്തിനായി ശ്രീ. ഐസക് നിരപ്പേലിന്റെ ഉടമസ്ഥതയിലുള്ള 21 സെന്റ് ഭൂമി കണ്ടെത്തുകയും, ഈ സ്ഥലം ഏറ്റെടുക്കുന്നതിനായി, 25.09.2023-ലെ GO (Rt) No.168/2023/POWER പ്രകാരം ഊർജ്ജ വകുപ്പ് ഭരണാനുമതി നല്കുകയും, തുടർന്ന് 04.10.2023-ലെ GO (Rt) No.3525/2023/RD പ്രകാരം റവന്യൂ വകുപ്പ് ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. തുടർന്ന് 2,12,500/- രൂപ കണ്ടിജൻസി ചാർജ് ഇനത്തിൽ 27.06.2024-ന് സർക്കാരിലേക്ക് അടച്ചിട്ടുണ്ട്.<br><br>പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കുമ്പോൾ സർക്കാരിനു വേണ്ടി നടപ്പിലാക്കുന്ന പൊതു സ്വഭാവമുള്ള പദ്ധതികൾക്ക് ഓരോ കേസും പരിശോധിച്ച് സർക്കാരിന്റെ അംഗീകാരത്തിനു വിധേയമായി എസ്റ്റാബ്ലിഷ്മെന്റ് ചാർജ് പൂർണ്ണമായോ ഭാഗികമായോ ഒഴിവാക്കി നൽകുന്നതാണെന്ന 01.03.2025-ലെ സർക്കാർ ഉത്തരവ് പ്രകാരം എസ്റ്റാബ്ലിഷ്മെന്റ് ചാർജ് ആയ 12,75,000/- രൂപ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് കെ.എസ്.ഇ.ബി.എൽ അപേക്ഷകൾ നൽകുകയും ചെയ്തു.<br><br>തുടർന്ന്, 05.12.2025 തീയതിയിലുള്ള സർക്കാർ ഉത്തരവിലൂടെ എസ്റ്റാബ്ലിഷ്മെന്റ് ചാർജിൽ നിന്നുള്ള |

| | | | |
|---|---|---|---|
| | | | ഒഴിവാക്കൽ 01.03.2025 മുതൽ മാത്രം പ്രാബല്യത്തിൽ വരുന്നതാണെന്നും, അതിന് മുൻപ് ആരംഭിച്ച സ്ഥലം ഏറ്റെടുക്കൽ നടപടികൾക്ക് എസ്റ്റാബ്ലിഷ്മെന്റ് ചാർജ് ഒഴിവാക്കൽ ബാധകമല്ലെന്നും സർക്കാർ വ്യക്തമാക്കിയിരിക്കുന്നതനുസരിച്ച്, എസ്റ്റാബ്ലിഷ്മെന്റ് ചാർജ് അടയ്ക്കേണ്ടതാകയാൽ ടി തുക അടയ്ക്കുന്നതിനുള്ള അനുമതി 02.02.2026-ൽ നൽകുകയും, അതനുസരിച്ച് ടി തുക അടയ്ക്കുവാനുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ. മുഖേന പുരോഗമിക്കുകയും ചെയ്തുവരുന്നു. |
| (ബി) | പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ വേഗത്തിലാക്കി സബ്സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (ബി) | സ്ഥലം ഏറ്റെടുപ്പ് നടപടികൾ പൂർത്തിയായതിനു ശേഷം സബ്സ്റ്റേഷൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ